60254

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യകുടുംബക്ഷേമ വകുപ്പ് - 2020 ലെ പൊതു സ്ഥലംമാറ്റ മാർഗ്ഗനിർദ്ദേശങ്ങൾ- ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.1336/2020/ആ.കു.വ തീയതി,തിരുവനന്തപുരം, 22/07/2020

---

പരാമർശം:- 1 03.03.2020 ലെ സ.ഉ (സാധ) 480/2020/ആകുവ നമ്പർ ഉത്തരവ്.

2 26/06/2020 ലെ സ.ഉ.(സാധാ) നം.1192/2020/ആ.കു.വ നമ്പർ ഉത്തരവ്

3 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 29.06.2020 ലെ ഇ.എച്ച്1/93942/2019/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ 2020ലെ പൊതു സ്ഥലംമാറ്റത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (1) പ്രകാരം ഉത്തരവാകുകയും തുടർന്ന് 2020 ജൂൺ 30 വരെ അപേക്ഷ സ്വീകരിക്കുകയും 2020 ജൂലൈ 20 ന് കരട് ലിസ്റ്റ് തയ്യാറാക്കി ജൂലൈ 31-ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണെന്ന് എന്ന് ഭേദഗതി ചെയ്ത് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

കോവിഡ് 19 ഡ്യൂട്ടിക്ക് വിവിധ സ്ഥലങ്ങളിൽ നിയോഗിച്ചിട്ടുള്ളവർക്കും, നിരീക്ഷണത്തിലുള്ളവർക്കും പ്രസ്തുത തീയതികള്ളിൽ അപേക്ഷ സമർപ്പിക്കാൻ സാധിക്കുകയില്ലെന്നും ആയതിനാൽ വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷ സ്വീകരിക്കുന്നതു സംബന്ധിച്ച നടപടി ക്രമങ്ങൾ പൂർത്തീകരിക്കുവാൻ രണ്ടാഴ്ചത്തെ സമയം ലഭിക്കുന്ന രീതിയിൽ പൊതുസ്ഥലംമാറ്റ സമയപരിധി പുന:ക്രമീകരിച്ച് നൽകുവാൻ പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

ഈ സാഹചര്യത്തിൽ ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയും ആരോഗ്യ വകുപ്പിലെ 2020 ലെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ 2020 ജൂലൈ 30 വരെ സ്വീകരിക്കുകയും2020 ആഗസ്റ്റ് 14 ന് കരട് ലിസ്റ്റ് തയ്യാറാക്കി 2020 ആഗസ്റ്റ് 25 -ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ് എന്ന് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJAN NAMDEV KHOBRAGADE

പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

ആരോഗ്യ വകുപ്പ ഡയറക്ടർ. തിരുവനന്തപുരം

ഡ്രഗ്സ് കൺട്രോളർ, തിരുവനന്തപുരം

ഭക്ഷ്യ സുരക്ഷാ കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ്&ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Hari

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ഇ.ച്ച്.1/93942/2019/ആ.വ.ഡ, തീയതി 23/7/2020.

സർക്കാർ ഉത്തരവ് അറിവിലേയ്ക്കും, അനന്തരനടപടികൾ-ക്കുമായി സമർപ്പിക്കുന്നു.

23/7

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്:- (1) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

(2) സൂപ്രണ്ട്
EA/ED/EE/EG/EF/FWA/HT

23/7